**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1912** **15-03-2022 - ൽ മറുപടിയ്ക്ക്**

**റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കെ-റെയിൽ ഏറ്റെടുത്തു തടത്തുന്ന പ്രവൃത്തികളിൽ സിൽവർലൈൻ ഡി.പി.ആർ നു കേന്ദ്ര സർക്കാരിൽ നിന്നും അംഗീകരാം ലഭിക്കുന്നതിനായും, നിലമ്പൂർ നഞ്ചർകോട് പദ്ധതിയും തലശ്ശേരി - മൈസൂർ പദ്ധതിയുമായി ബന്ധപ്പെട്ട് കർണാടക ഭാഗത്തെ അലൈൻമെന്റിൽ സർവ്വേ നടത്തുന്നതിനു അനുമതിക്കുമായും വിവിധ കത്തിടപാടുകൾ കേന്ദ്ര സർക്കാരുമായി നടത്തിയിരുന്നു. ഇതു കൂടാതെ കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ അനുവദിക്കുവാനും തുക വകയിരുത്തുന്നതിനും സംസ്ഥാന റെയിൽവേ മന്ത്രിക്കു കത്തയക്കുകയും ചെയ്തിരുന്നു. |
| (ബി) | ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സംസ്ഥാനം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി, പ്രധാന മന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി, റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും നിരന്തരമായ ചർച്ചകൾ നടത്തി വരാറുണ്ട്. ഇതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. പ്രധാന മന്ത്രിയുമായി, ഇതിനോടകം തന്നെ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യ വിഷയങ്ങളായിരുന്നു. ഇതു കൂടാതെ, കേരളത്തിൻറെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി |

| | | | |
|---|---|---|---|
| | | | വന്നിട്ടുള്ളത്. പ്രധാന മന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. ഇത്തരത്തിൽ കേന്ദ്ര സർക്കാരിൽ വേണ്ട സമ്മർദ്ദം ചെലുത്തി പദ്ധതികൾ ഉർജ്ജിതമായി മുമ്പോട്ടു കൊണ്ടു പോകുവാൻ സാധിക്കും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | ഇത് സംബന്ധിച്ച് റെയിൽവേ മന്ത്രാലയവും കേന്ദ്ര ധന മന്ത്രാലയവുമായി എന്തെങ്കിലും ചർച്ച നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത ചർച്ചയിൽ സംസ്ഥാനം ഉന്നയിച്ച മുഖ്യ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി, പ്രധാന മന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി, റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും നിരന്തരമായ ചർച്ചകൾ നടത്തി വരാറുണ്ട്. ഇതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. പ്രധാന മന്ത്രിയുമായി, ഇതിനോടകം തന്നെ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യ വിഷയങ്ങളായിരുന്നു. ഇതു കൂടാതെ, കേരളത്തിൻറെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. പ്രധാന മന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. ഇത്തരത്തിൽ കേന്ദ്ര സർക്കാരിൽ വേണ്ട സമ്മർദ്ദം ചെലുത്തി പദ്ധതികൾ ഉർജ്ജിതമായി മുമ്പോട്ടു കൊണ്ടു പോകുവാൻ സാധിക്കും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | ശബരി റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; ശബരി പാത നിർമ്മാണത്തിൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് അറിയിക്കാമോ; ഇവ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ശബരി റെയിൽ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 50 ശതമാനം തുക വഹിക്കാമെന്നുള്ള ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത തീരുമാനം റെയിൽവേ ബോർഡിനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് പദ്ധതി ഘനീഭവിപ്പിക്കുന്നതിനും മതിയായി തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ടും മുഖ്യമന്ത്രി കേന്ദ്ര റെയിൽ വകുപ്പ മന്ത്രിക്കു കത്തയക്കുകയുമുണ്ടായി. നിലവിൽ പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനു റെയിൽവേ ബോർഡ് കെ-റെയിലിനെ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച്, സർവ്വേ പൂർത്തിയായിക്കഴിഞ്ഞ കാലടി - രാമപുരം സെക്ഷനിലെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും |

| | | | |
|---|---|---|---|
| | | | റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. രാമപുരം - എരുമേലി ഭാഗത്തെ ലിഡാർ സർവ്വേ പൂർത്തിയാവുകയും എസ്റ്റിമേറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. |
| (ഇ) | തലശ്ശേരി-മൈസൂർ പാതയുടെ പുരോഗതി വിശദമാക്കാമോ; ഈ പദ്ധതിക്കായി സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് അറിയിക്കാമോ; ഇവ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | തലശ്ശേരി മൈസൂർ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനു കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേരള ഭാഗത്തെ സർവ്വേ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. കർണാടക ഭാഗത്തെ അലൈൻമെന്റിനു അംഗീകാരം ലഭിക്കുന്നതിനു ഇൻഫ്രാസ്ട്രക്ച്ചർ, ഫോറസ്റ്റ് വകുപ്പിനു കത്തയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രി കർണാടക മുഖ്യമന്ത്രിയുമായി കത്തിടപാടുകളും ചർച്ചകളും നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ